Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Metro Vartha
**Edition**: Kochi
**Date**: 15.10.2014
**Page**: 12
**Headline**: TCS Quiz:  Loyola School Thiruvananthapuram wins

# ടിസിഎസ് ഐടി വിസ് ക്വിസ്: തിരുവനന്തപുരം ലയോള സ്കൂൾ വിജയികൾ

കൊച്ചി

ടാറ്റ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ്ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര - വിഘ്നേഷ് കൃഷ്ണൻ സഖ്യം വിജയികളായി. പൈങ്ങോട്ടൂർ സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ ബ്രിട്ടോ സാബു- കെവിൻ ജോർജ് സഖ്യത്തിനാണു രണ്ടാംസ്ഥാനം. ദേശീയ തലത്തിൽ നടക്കുന്ന ടിസിഎസ് ഐടി വിസ്ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള കേരളത്തെ പ്രതിനിധീകരിക്കും.

ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റർസ്കൂൾ ഐടി ക്വിസ് മത്സരമാണ് ടിസിഎസ് ഐടി വിസ്. കൊച്ചി കലൂർ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ നടന്ന കൊച്ചി എഡിഷൻ ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ വിവിധ സ്കൂളുകളിൽ നിന്നായി 1300ലധികം കുട്ടികൾ മത്സരിക്കാനായെത്തിയിരുന്നു. കാക്കനാട് ഭവൻസ് ആദർശവിദ്യാലയയിലെ കാർത്തിക് ഗണപതി- വാസുദേവ് ചക്രവർത്തി, കോഴിക്കോട് ഭാരതീയ വിദ്യാഭവനിലെ അലോക് റിയോൺ- അമൃത്ചന്ദ്, തൃശൂർ ഭവൻസ് വിദ്യാമന്ദിറിലെ അഖിലേഷ് ബാലകൃഷ്ണൻ- ജെ. സമീർ, തൃശൂർ ഹരിശ്രീ വിദ്യാനിധിയിലെ ഹരിശങ്കർ പ്രദീപ്- ശ്യാം പിഷാരടി സഖ്യങ്ങളാണ് വിജയികൾക്കു പുറമെ ഫൈനലിലെത്തിയ ടീമുകൾ.

ക്വിസിലെ ഒന്നാംസ്ഥാനക്കാർക്ക് ഐപാഡ് എയറും രണ്ടാം സ്ഥാനക്കാർക്ക് ഐപാഡ് മിനിയും സമ്മാനമായി ലഭിച്ചു. ട്രോഫികളും മെഡലുകളും നൽകി. വിജയികൾക്ക് ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി. എച്ച്. കുര്യനും ടിസിഎസ് വൈസ് പ്രസിഡന്റ് സുധിർ വാര്യരും ചേർന്നു സമ്മാനങ്ങൾ വിതരണം ചെയ്തു.

ഇരുപതു ചോദ്യങ്ങൾ അടങ്ങിയ പ്രാഥമിക എഴുത്തുപരീക്ഷയാണ് എല്ലാ ടീമുകളും നേരിട്ടത്. ഏറ്റവും മുൻപന്തിയിൽ വന്ന ആറു ടീമുകൾക്ക് പ്രാദേശിക ഫൈനലിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. പിക് ബ്രെയ്ൻ എന്നറിയപ്പെടുന്ന ക്വിസ് മാസ്റ്റർ ഗിരി ബാലസുബ്രമണ്യവും സംഘവും രൂപപ്പെടുത്തിയ ആനിമേഷൻ അടിസ്ഥാനമാക്കിയ ക്വിസ് സോഫ്റ്റ്വെയറായിരുന്നു ഫൈനൽ മത്സരങ്ങളുടെ പ്രത്യേകത.

ഫൈനലിലെത്തിയ ആറു ടീമുകൾക്കു സ്പേയ്സ് പായ്ക്ക്, സിപ്പേഴ്സ്, ഇയർഫോൺ, യുഎസ്ബി പെൻ ഡ്രൈവ്, സ്പീക്കേഴ്സ് എന്നിങ്ങനെ വിവിധ സമ്മാനങ്ങൾ നൽകി. എട്ടു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിലെ വിദ്യാർഥികളാണു മത്സരത്തിൽ പങ്കെടുത്തത്.



ടാറ്റ കൺസൽറ്റൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ്ക്വിസ് മത്സരത്തിന്റ വിജയികളായ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ എന്നിവർ കൊച്ചിയിൽ ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യനിൽ നിന്നും ട്രോഫി സ്വീകരിക്കുന്നു. ടിസിഎസ് വൈസ് പ്രസിഡന്റ് സുധീർ വാര്യർ സമീപം.